

# ആത്മീയ ഉണർവിൽ നിറഞ്ഞ സഭ

"കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി
സഭയോടു ചേർത്തുകൊണ്ടിരുന്നു."
അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:47

ആശിഷ് റായ്ച്ചൂർ

**സൗജന്യ വിതരണത്തിന് മാത്രം**
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2024

**ബന്ധപ്പെടുവാനുള്ള വിവരങ്ങൾ**
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ: +91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചന നൽകിയിരിക്കുന്നവയൊഴിച്ച് മറ്റെല്ലാ തിരുവെഴുത്ത് ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നും—ബി.എസ്.ഐ-മലയാളം-ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരണം-എടുത്തിട്ടുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

**സാമ്പത്തിക പങ്കാളിത്തം**
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണം നിങ്ങൾക്ക് ഗുണപ്രദമായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ സംഭാവന നൽകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾസ് ചർച്ച്" എന്ന പേജ് കാണുകയോ ചെയ്യുക. നന്ദി!

**സൗജന്യ വിവരശേഖരങ്ങളും അനുബന്ധ വെബ്സൈറ്റുകളും**
**പ്രഭാഷണങ്ങൾ:** apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
**ചർച്ച് ആപ്പ്:** apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
**ഇ-ലേണിംഗ്:** apcbiblecollege.org/elearn | **കൗൺസെലിംഗ്:** chrysalislife.org
**സംഗീതം:** apcmusic.org | **ശുശ്രൂഷകരുടെ കൂട്ടായ്മ:** pamfi.org
**എപിസി വേൾഡ് മിഷനുകൾ:** apcworldmissions.org

(Malayalam—A Church in Revival)

# ആത്മീയ ഉണർവിൽ നിറഞ്ഞ സഭ

"കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി
സഭയോടു ചേർത്തുകൊണ്ടിരുന്നു."
അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:47

## ഉള്ളടക്കം

ആമുഖം
1. യെരുശലേമിലെ സഭ 1
2. ആത്മീയ ഉണർവിൽ നിറഞ്ഞ സഭ 9

# ആമുഖം

ഉണർവ്വ് എന്നത് ദൈവീക സന്ദർശനത്തിന്റെ ഒരു കാലഘട്ടമാണ്. ഭൂമിയിൽ സ്വർഗ്ഗത്തിന്റെ കവിഞ്ഞൊഴുക്കലിന്റെ കാലമാണത്. ഈ സന്ദർശനത്തിന്റെ കാലഘട്ടത്തിൽ കാര്യങ്ങൾ വ്യത്യസ്തമാണ്! ഈ പുസ്തകം എഴുതപ്പെട്ട വർഷമായ 2008-ന്റെ ആരംഭത്തിൽ കർത്താവിൽ നിന്ന് ഞങ്ങൾക്ക് ലഭിച്ച വചനം, ആ വർഷം ആത്മീയവും ഭൗതികവുമായ കവിഞ്ഞൊഴുക്കിന്റെ വർഷമായിരിക്കും എന്നായിരുന്നു. ഞങ്ങൾക്ക് വരാൻ പോകുന്ന എല്ലാ കാര്യങ്ങളും അറിയില്ലായിരുന്നെങ്കിലും, ആ വർഷം ഒരു കവിഞ്ഞൊഴുകലിന്റെ വർഷമായിരിക്കും എന്ന് ദൈവം പറയുകയാണെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ആ വർഷത്തിന്റെ തുടർന്നുള്ള സമയത്താണ് ഞങ്ങൾ ഓരോ സംഭവങ്ങൾ കാണാൻ തുടങ്ങിയത്. ഞങ്ങൾ ഇപ്പോൾ ദൈവം വാഗ്ദാനം ചെയ്തതിലേക്ക് നീങ്ങുകയും ഒരു ഉണർവ്വിനെ, ഒരു പ്രവാഹത്തെ, സ്വർഗത്തിൽ നിന്നുള്ള സന്ദർശനത്തിന്റെ ഒരു കാലഘട്ടത്തെ സ്വാഗതം ചെയ്യാൻ ഞങ്ങളെത്തന്നെ തയ്യാറാക്കുകയും ചെയ്യുന്നു.

ഉണർവ്വ് അയയ്ക്കണമെന്ന് നാം ദൈവത്തോട് പ്രാർത്ഥിക്കുന്നു —ഒരു കവിഞ്ഞൊഴുക്ക് അല്ലെങ്കിൽ സന്ദർശനം—എന്നാൽ അത് സംഭവിക്കുമ്പോൾ നാം ഉണർവ്വിനായി തയ്യാറാണോ? അത് വെളിപ്പെടുമ്പോൾ ഉണർവ്വിനായി നാം തയ്യാറാകണം!

ഉണർവ്വ് നടക്കുമ്പോൾ ഒരു സഭ എങ്ങനെയായിരിക്കും? ഉണർവ്വിന്റെ മധ്യത്തിലായിരിക്കുമ്പോൾ, സ്വർഗ്ഗീയമായ ഒരു കവിഞ്ഞൊഴുക്ക് ഉണ്ടാകുമ്പോൾ, ദൈവത്തിന്റെ ആത്മീയ സന്ദർശനം ഉണ്ടാകുമ്പോൾ, നിങ്ങൾക്കും എനിക്കും എന്ത് സംഭവിക്കും? ഒരു കാര്യം ഉറപ്പാണ്, സഭ നാം ഇപ്പോൾ അറിയുന്നതുപോലെ ആയിരിക്കില്ല. ഞായറാഴ്ച സഭയിൽ ഒത്തുകൂടുമ്പോൾ, പാസ്റ്ററുടെ പ്രസംഗം കഴിയുന്നതുവരെ നമ്മൾ കാത്തിരിക്കുകയാണ് പതിവ്. നമ്മിൽ ചിലർക്ക് അതിന്റെ ഇടയിൽ ഉറങ്ങാനും വീട്ടിലേക്ക് പോകാനും കഴിയും! എന്നാൽ ഒരു ദൈവീക സന്ദർശനം ഉണ്ടാകുമ്പോൾ സഭ വളരെ വ്യത്യസ്തമായിരിക്കും! ദൈവത്തിന്റെ കവിഞ്ഞൊഴുക്കിനായി ഒരുങ്ങുക!

ദൈവം അനുഗ്രഹിക്കട്ടെ!
ആശിഷ് റായ്ച്ചൂർ

# 1
# യെരുശലേമിലെ സഭ

ദൈവത്തിന്റെ ഒരു ചലനം ഉണ്ടാകുകയും നാം അവനിൽ നിന്നുള്ള സന്ദർശനത്തിന്റെ ഒരു കാലഘട്ടത്തിലേക്ക് നീങ്ങുകയും ചെയ്യുമ്പോൾ സഭാജീവിതം എങ്ങനെയായിരിക്കും എന്നതിന്റെ ഒരു ചിത്രമോ ദർശനമോ നൽകുക എന്നതാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം. നമുക്ക് അപ്പോസ്തോല പ്രവൃത്തികളുടെ പുസ്തകത്തിന്റെ ആദ്യ എട്ട് അധ്യായങ്ങൾ പഠിയ്ക്കാം, യെരുശലേമിൽ പൊട്ടിപ്പുറപ്പെട്ട ഉണർവ്വിൽ നിന്നുള്ള ചില ഉന്നതമായ കാര്യങ്ങൾ—യെരുശലേമിലെ സഭയ്ക്ക് ജന്മം നൽകിയ ഒരു ദൈവിക സന്ദർശനം മനസിലാക്കുകയും ചെയ്യാം! സ്വർഗത്തിൽ നിന്നുള്ള ഒരു സന്ദർശനത്തിലൂടെ സ്ഥാപിതമായ യെരുശലേമിലെ സഭയിൽ നിന്ന് "ഉണർവ്വിനെക്കുറിച്ചും" സഭാജീവിതം എങ്ങനെയായിരിക്കുമെന്നും നമുക്ക് പഠിക്കാം.

## ഐക്യതയിലും പ്രാർത്ഥനയിലും ജനിച്ച

ഉണർവ്വിന്റെ മുൻവ്യവസ്ഥകളിലൊന്ന് എന്തായിരുന്നു? യഥാർത്ഥത്തിൽ യെരുശലേമിലെ ജനങ്ങൾ സ്വർഗത്തിൽ നിന്നുള്ള കവിഞ്ഞൊഴുക്കിലേക്ക് ചുവടുവെക്കുന്നതിന് മുമ്പ് അവർ നടത്തിയ ഒരുക്കങ്ങൾ എന്തായിരുന്നു? ഒരു കവിഞ്ഞൊഴുക്ക് വരുന്നതിനാൽ യെരുശലേമിൽ കാത്തിരിക്കാൻ യേശു തന്റെ ശിഷ്യന്മാരോട് നിർദ്ദേശിച്ചിരുന്നു. അവൻ അവർക്ക് ഒരു പ്രത്യേക സ്ഥലം നൽകുകയും അവിടെ കാത്തിരിക്കാൻ പറയുകയും ചെയ്തു. ഉണർവിന്റെ കവിഞ്ഞൊഴുകലിന്റെ മുൻവ്യവസ്ഥയെ അപ്പോസ്തോല പ്രവൃത്തികൾ 1:14ൽ പരാമർശിച്ചിരിക്കുന്നു.

**അപ്പോസ്തോല പ്രവൃത്തികൾ 1:14**
**സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റേ സഹോദരന്മാരോടും കൂടെ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചു പോന്നു.**

യെരുശലേമിലെ 120 ശിഷ്യന്മാരും ഒരുമനപ്പെട്ടു പ്രാർത്ഥനയിലും യാചനയിലും തുടർന്നു. ശ്രദ്ധിക്കേണ്ട രണ്ട് കാര്യങ്ങൾ ഉണ്ട്.

### *ഒരുമനപ്പെട്ടു—ഏകമനസ്സോടെ*

ആദ്യത്തേത് *"ഒരുമനപ്പെട്ടു"* എന്നർത്ഥം വരുന്ന *"ഏകമനസ്സുള്ളവർ"* ആണ്. അവർ ഒരുമനപ്പെട്ടു തുടർന്നുവെന്ന് ബൈബിൾ പറയുന്നു. അവർ ഒരുമനപ്പെട്ടു ആരംഭിച്ചു എന്ന് മാത്രമല്ല, ഒരുമനപ്പെട്ടു തുടർന്നു.

അതിനാൽ, ഐക്യം എന്നാൽ ഒരുമിച്ചിരിക്കുക, ഒരേ മനസ്സുള്ളവരായിരിക്കുക, ഒരേ ലക്ഷ്യത്തോടെ ആയിരിക്കുക—വളരെ അത്യാവശ്യമാണ്. ഒരേ കാര്യത്തിലേക്ക് യത്നിക്കുകയോ അതേ കാര്യത്തിലേക്ക് നീങ്ങുകയോ ചെയ്യുന്നത്, ദൈവത്തിന്റെ കവിഞ്ഞൊഴുക്കിന് കീഴിലാകുന്നതിന് നമുക്ക് ഒരു പ്രധാന മുൻവ്യവസ്ഥയാണ്. ഒരുമയുള്ള അന്തരീക്ഷത്തിൽ ഒരു കവിഞ്ഞൊഴുക്കലുണ്ടാകും. അവിടെയാണ് ദൈവം തന്റെ അനുഗ്രഹം കൽപ്പിക്കുന്നത്.

**സങ്കീർത്തനങ്ങൾ 133:1-3**

**1ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!**
**2അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലം പോലെയും**
**3സീയോൻ പർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യ മഞ്ഞു പോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.**

ഇതിനർത്ഥം, നാം ദൈവത്തിനായി വാഞ്ചിക്കുകയും അവനിൽ നിന്ന് കൂടുതൽ ആഗ്രഹിക്കുകയും ചെയ്യുന്നതിനാൽ കവിഞ്ഞൊഴുക്കിലേക്ക് കടക്കുന്നതിനുള്ള ഒരു തയ്യാറെടുപ്പ് പ്രക്രിയ എന്ന നിലയിൽ, ആത്മാവിന്റെ ഐക്യം നിലനിർത്താനുള്ള ശ്രമത്തിൽ നിങ്ങളും ഞാനും മുന്നോട്ടു പോകണം എന്ന ഈ പൊതു ഉദ്ദേശ്യം നമ്മുടെ മുമ്പിൽ വെയ്ക്കുക എന്നാണ്. ദൈവത്തെ അന്വേഷിക്കുക എന്ന ഒരൊറ്റ ലക്ഷ്യത്തോടെ നിസ്സാര കലഹങ്ങൾ മാറ്റിവെച്ച്—പേര്, വിവിധ സഭാ വിഭാഗങ്ങൾ, ഉപദേശപരമായ വ്യത്യാസങ്ങൾ എന്നിവ പരിഗണിക്കാതെ ദൈവജനം ഐക്യത്തിൽ ഒന്നിച്ചുവരുമ്പോൾ, അവന്റെ ആത്മാവിന്റെ സാന്നിധ്യത്തിന്റെയും, ശക്തിയുടെയും, ശക്തമായ കവിഞ്ഞൊഴുക്ക് ഉണ്ടാകും. അഭിഷേകം, നവോന്മേഷം, അനുഗ്രഹം, എല്ലാവരുടേയും മേലുള്ള ജീവൻ എന്നിവയുടെ ഒരു കവിഞ്ഞൊഴുകൽ തല മുതൽ കാൽ വരെ, ഏറ്റവും വലിയവർ മുതൽ ഏറ്റവും ചെറിയവർ വരെ ഉണ്ടാകും!

## ***പ്രാർത്ഥനയും യാചനയും***

യെരുശലേമിൽ ഒരുമിച്ചു കൂടിയ സഭയിൽ പ്രാർത്ഥനയും യാചനയും ഉണ്ടായിരുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. അവർ പ്രാർത്ഥനയിലും, യാചനയിലും, മധ്യസ്ഥതയിലും തുടർന്നു. ദൈവത്തിന്റെ കവിഞ്ഞൊഴുക്കിന്റെ മുന്നോടിയായി അവർ ഏകമനസ്സോടെ ഒരുമിച്ചു കൂടുകയും പ്രാർത്ഥനയും യാചനയും

അർപ്പിക്കുകയും ചെയ്തു.

അടുത്ത 50 വർഷം എല്ലാ ഞായറാഴ്ചയും സഭയിൽ രണ്ട് മണിക്കൂർ ഇരുന്ന് അത്ഭുതകരമായ സന്ദേശങ്ങൾ കേൾക്കുകയും സന്തോഷം തോന്നുകയും ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് വർദ്ധിപ്പിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തിട്ടും നമുക്കറിയാവുന്ന ദൈവത്തെ അനുഭവിക്കാതിരിക്കുന്നതിൽ ഒരർത്ഥവുമില്ല. ദൈവത്തെക്കുറിച്ചുള്ള അറിവ് വർധിക്കുന്നതും അവനെ അനുഭവിക്കുന്നതും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. ക്രിസ്തീയ വിശ്വാസം കേവലം അറിവിനെ അടിസ്ഥാനമാക്കിയുള്ളതല്ല; അത് ദൈവവുമായുള്ള ഒരു അനുഭവമാണ്. വെറുതെ സഭയിൽ പോകുന്നതിൽ നാം മടുത്തുകാണും, എന്നാൽ നാം ദൈവത്തെ കൂടുതൽ തീവ്രമായി ആഗ്രഹിക്കണം.

അതിനാൽ, ഒരു സഭ എന്ന നിലയിൽ നമ്മുടെ പ്രതികരണം ഇതായിരിക്കണം, "ദൈവമേ, ഞങ്ങൾക്ക് ഒരു പൊതു ഉദ്ദേശ്യമുണ്ട്. ഞങ്ങൾക്ക് അങ്ങയെ കൂടുതൽ അറിയണം, ഞങ്ങൾ എല്ലാവരും ഒരുമിച്ച് പൂർണ്ണമായും ഒരു മനസ്സോടെ ആയിരിക്കുന്നു!" എന്നിരുന്നാലും, സ്വാർത്ഥ അഭിലാഷം, സംശയം, മത്സരം എന്നിവയിൽ നിന്ന് നാം സ്വയം സൂക്ഷിക്കേണ്ടതുണ്ട്. കാരണം, സ്വാർത്ഥമോഹമുണ്ടെങ്കിൽ അത് സംശയത്തിലേക്കും സംശയം മത്സരത്തിലേക്കും മത്സരം വലിയ വിഭജനത്തിലേക്കും നയിക്കും. ഈ വികാരങ്ങൾക്ക് ഒരു ഇടവും പ്രവേശനവും അനുവദിക്കരുത്, കാരണം നാം ഐക്യത്തിലാണ്; നാം ഏകമനസ്സോടെ, ഒരേ ലക്ഷ്യത്തോടെയാണ്—**നമുക്ക് ദൈവത്തെ കൂടുതൽ വേണം!**

## "ഇത്" "അതാണ്"

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:1-4**

**1 പെന്തെക്കൊസ്തനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു.**
**2 പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു.**
**3 അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു.**
**4 എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.**

*"പെന്തക്കൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു..."* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:1,2അ). അവർ ഒരേ ലക്ഷ്യത്തോടെ ഐക്യതയിൽ

തുടരുകയായിരുന്നു എന്നത് ശ്രദ്ധിക്കുക. അവർ ഏകമനസ്സോടെ, ഒരിടത്ത് ആയിരുന്നപ്പോൾ, പെട്ടെന്ന് സ്വർഗം തുറന്നു, ദൈവം അവരുടെമേൽ അഗ്നി പകർന്നു. അങ്ങനെ അത് സംഭവിച്ചു— പരിശുദ്ധാത്മാവിന്റെ പകർച്ച! ഇത് സംഭവിക്കുമെന്ന് യേശു വാഗ്ദത്തം ചെയ്തിരുന്നു, അത് ആരംഭിച്ചു.

പെന്തക്കോസ്ത് നാൾ ആഘോഷിക്കാൻ ആയിരക്കണക്കിന് യഹൂദർ യെരുശലേമിൽ ഒത്തുകൂടിയിരുന്നു. ലക്ഷക്കണക്കിന് യഹൂദന്മാരിലേക്ക് ഈ കണക്കുകൾ കടന്നു പോയിരിക്കുമെന്ന് ചരിത്രകാരന്മാർ പറയുന്നു. മുകളിലെ മുറിയിലുണ്ടായിരുന്ന 120 ശിഷ്യന്മാർക്കിടയിൽ അദ്ഭുതകരമായ ചിലത് സംഭവിച്ചു. അവർ വിചിത്രമായ അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങുകയും ആ വാർത്തകൾ പ്രചരിക്കുകയും ചെയ്തു. ഇവരെല്ലാം അന്യഭാഷകളിൽ പ്രാർത്ഥിക്കുന്നതും ദൈവത്തെ മഹത്വപ്പെടുത്തുന്നതും കേട്ട ഒരു വലിയ ജനക്കൂട്ടം അൽപ്പസമയത്തിനകം പുറത്ത് തടിച്ചുകൂടി. അപ്പോൾ ജനക്കൂട്ടത്തോട് ചിലത് വിശദീകരിക്കേണ്ടതിന്റെ ആവശ്യകത പത്രോസിന് മനസിലായി, അവൻ എഴുന്നേറ്റു നിന്ന് പറഞ്ഞു, *"ഇതു യോവേൽപ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തതത്രേ"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:16). "ഇതാണ് അത്" എന്ന് പറഞ്ഞുകൊണ്ട്, യെരുശലേമിൽ അന്നു സംഭവിച്ചത് പഴയനിയമത്തിൽ യോവേൽ പ്രവചിച്ച കാര്യങ്ങളാണെന്ന് പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പത്രോസ് പറയുകയായിരുന്നു.

**യോവേൽ 2:28,29**
**28അതിന്റെ ശേഷമോ, ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൌവനക്കാർ ദർശനങ്ങളെ ദർശിക്കും.**
**29ദാസന്മാരുടെ മേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും.**

ഇപ്പോൾ പത്രോസ് എന്താണ് പറഞ്ഞത്? അവൻ പറഞ്ഞു, "ഇത് അതാണ്!" എന്നാൽ നാം വാക്യം നോക്കുമ്പോൾ, "ഇത്" "അതല്ല" എന്ന് നമ്മൾ നിഗമനം ചെയ്യുന്നു. എന്തുകൊണ്ട്? കാരണം, യോവേൽ പറഞ്ഞു, *"നിന്റെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും, നിങ്ങളുടെ യുവാക്കൾ ദർശനങ്ങൾ കാണും"* (യോവേൽ 2:28) എന്നാൽ 120 പേർ എന്തു ചെയ്യുകയായിരുന്നു? അവർക്കിടയിൽ

ദർശനങ്ങളോ, സ്വപ്നങ്ങളോ, പ്രവചനങ്ങളോ ഉണ്ടായിരുന്നില്ല. പകരം, ശക്തമായ കാറ്റിന്റെ ശബ്ദവും അഗ്നി നാവുകളും അന്യഭാഷകളിൽ സംസാരിക്കുന്ന ജനങ്ങളുമാണ് ഉണ്ടായിരുന്നത് (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:2-4). അതിനാൽ "ഇത്" യഥാർത്ഥത്തിൽ "അതല്ല!" ഞാൻ ഹെർമന്യൂട്ടിക്സ്—തിരുവെഴുത്ത് എങ്ങനെ ശരിയായി വ്യാഖ്യാനിക്കാം—എന്ന് പഠിപ്പിക്കുമ്പോൾ എന്റെ വിദ്യാർത്ഥികളോട് വളരെ ശ്രദ്ധാലുക്കളായിരിക്കാനും ഗ്രീക്ക്, ചരിത്രം, അക്കാലത്തെ സംസ്കാരം മുതലായവ പഠിക്കാനും പറയാറുണ്ട്. അതിനാൽ, എന്റെ സ്വാഭാവിക മനസ്സുകൊണ്ട് എന്താണ് സംഭവിക്കുന്നതെന്ന് ഞാൻ വിശകലനം ചെയ്താൽ, എന്റെ നിഗമനം ഇതായിരിക്കും: "ഇത് അതല്ല!" *"ശക്തമായ കാറ്റിന്റെ ശബ്ദത്തെ"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:2) കുറിച്ച് യോവേൽ സംസാരിച്ചില്ല. *"അഗ്നിയുടെ നാവിനെക്കുറിച്ചോ" "അന്യഭാഷകളിൽ"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:3,4) സംസാരി-ക്കുന്നതിനെക്കുറിച്ചോ യോവേൽ പ്രവചിച്ചില്ല. പെന്തക്കോസ്ത് നാളിൽ നടന്ന അടയാളങ്ങൾ യോവേലിന്റെ പ്രവചനത്തിൽ ഇല്ലായിരുന്നു. എന്നാൽ പരിശുദ്ധാത്മാവ് പത്രോസിലൂടെ പറഞ്ഞുകൊണ്ടിരുന്നു "ഇത് അതാണ്." ഇതിനെക്കുറിച്ചുള്ള എന്റെ ബൗദ്ധിക വിശകലനത്തിന്റെ നിഗമനം ഇങ്ങനെയാണ്!

ഇവിടെ നമുക്ക് രണ്ട് സുപ്രധാന നിഗമനങ്ങളുണ്ട്.

### *ദൈവം അവന്റെ വചനത്തേക്കാൾ വലുതാണ്*

ഒന്നാമതായി, ദൈവം അവന്റെ വചനത്തേക്കാൾ വലിയവനാണ്—വേദ പുസ്തകത്തേക്കാൾ. നാം പലപ്പോഴും ദൈവത്തെ അവന്റെ വചനത്തിൽ ഒതുക്കാൻ ശ്രമിക്കുന്നു. ദൈവം എഴുതപ്പെട്ട ഗ്രന്ഥത്തേക്കാൾ വലിയവനാണ്. അവൻ എഴുതിയ പുസ്തകം നിത്യനായ ദൈവത്തിന്റെ ഒരു ചെറിയ ഭാഗത്തെ വിവരിക്കുന്നു. ബൈബിൾ തികവുള്ളതും ദൈവീകമായതും ഭൂമിയിലെ നമ്മുടെ ജീവിതത്തിന്റെ അന്തിമ അധികാരവുമാണെന്ന് ഞാൻ വിശ്വസിക്കുമ്പോൾ തന്നെ, ബൈബിൾ നമ്മുടെ നിത്യനായ ദൈവത്തെ പൂർണ്ണമായി വിവരിക്കുന്നില്ലെന്ന് എനിക്കറിയാം. ദൈവം ഒരിക്കലും തന്റെ വചനത്തിന് വിരുദ്ധമാകില്ല; അവൻ വെളിപ്പെടുത്തിയ കാര്യങ്ങളിൽ എപ്പോഴും ഉറച്ചുനിൽക്കും. എന്നാൽ അവൻ എഴുതപ്പെട്ട വചനത്തേക്കാൾ നിത്യനും വലിയവനുമാണ്!

ചിലപ്പോൾ നാം തിരുവെഴുത്തുകൾ വിശകലനം ചെയ്യുമ്പോൾ, "ഇത്" "അതല്ല" എന്നാണ് അർത്ഥമാക്കുന്നത്, എന്നാൽ ദൈവം പറയുന്ന "ഇത്" "അതാണ്" എന്നാണ്. എന്തെന്നാൽ, യോവേൽ ആത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് സംസാരിച്ചപ്പോൾ, ആത്മാവിന്റെ എല്ലാ പ്രവൃത്തികളുടെയും ഒരു സമ്പൂർണ്ണ പട്ടിക നൽകാതെ, ദർശനങ്ങൾ, പ്രവചനങ്ങൾ, സ്വപ്നങ്ങൾ എന്നിവയുടെ ഒരു പ്രതിനിധി പട്ടിക നൽകുകയായിരുന്നു. പെന്തക്കോസ്ത് നാളിൽ നടന്നതും ആത്മാവിന്റെ പ്രവൃത്തിയാണ്, മറ്റ് ചില പ്രവൃത്തികൾ—ശക്തമായ കാറ്റിന്റെ ശബ്ദം, തീയുടെ നാവുകൾ, അന്യഭാഷകളിൽ സംസാരിക്കൽ ഇവയും ആത്മാവിന്റെ പ്രവൃത്തി തന്നെ. അവ അപ്പോഴും ആത്മാവിന്റെ പ്രവൃത്തികളായിരുന്നു. അതിനാൽ "ഇത്" "അതാണ്". ആമേൻ!

ഉണർവ്വിൽ നാം ജ്ഞാനത്തോടും വെളിപ്പാടിനോടും കൂടെ നടക്കണം. നമുക്ക് ഇവ രണ്ടും വേണം. ചിലപ്പോൾ നാം ജ്ഞാനത്തോടെ മാത്രമേ നടക്കൂ, പക്ഷേ വെളിപ്പാടിനൊപ്പം അല്ല. തിരുവെഴുത്തുകളുടെ എല്ലാ ചരിത്രവും നമുക്കറിയാം—എബ്രായ, ഗ്രീക്ക്, കൂടാതെ മറ്റെല്ലാം. "ശരിയായ കാര്യം" എന്താണെന്ന് നമുക്ക് പലപ്പോഴും അറിയാം, എന്നാൽ ദൈവത്തിന്റെ "ഇപ്പോഴത്തെ കാര്യങ്ങൾ" എന്താണെന്നുള്ള വെളിപ്പാട് നമുക്കില്ല. അതിനാൽ, നമുക്ക് "ശരിയായ കാര്യം" അറിയാം, അത് വീഞ്ഞിന്റെ തുരുത്തിയാണ്, എന്നാൽ "ഇപ്പോഴുള്ളത്" അത് പുതിയ വീഞ്ഞാണ്. നമ്മുടെ വീഞ്ഞിന്റെ തുരുത്തിയിൽ പുതിയ വീഞ്ഞ് അടങ്ങിയിട്ടില്ലെങ്കിൽ, നമുക്ക് പുതിയ വീഞ്ഞ് ലഭിക്കുകയില്ല. ദൈവം "ഇപ്പോൾ" എന്താണ് ചെയ്യുന്നതെന്ന് വിവേചിച്ചറിയാനും, അതിനെ സ്വാഗതം ചെയ്യാനും അതിൽ നടക്കാനും നമുക്ക് ജ്ഞാനവും വെളിപ്പാടും ആവശ്യമാണ്. "ഇപ്പോൾ" തരുന്ന വചനം തീർച്ചയായും എഴുതപ്പെട്ട വചനത്തിന് വിരുദ്ധമാകില്ല, എന്നാൽ ദൈവം എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ നമുക്ക് "ഇപ്പോൾ" ഉള്ള വചനം ഉണ്ടായിരിക്കണം.

### *ഉണർവ് അല്ലെങ്കിൽ ആത്മികമാരി സമാനമായിരിക്കില്ല*

പത്രോസിന്റെ വാക്കുകൾ അടിസ്ഥാനമാക്കി നമ്മൾ പ്രസ്താവിക്കേണ്ട രണ്ടാമത്തെ പ്രധാന കാര്യം, "ഇത് അതാണ്," രണ്ട് ഉണർവ്വുകളോ ആത്മികമാരിയോ സമാനമായിരിക്കില്ല എന്നതാണ്! സമാനതകൾ

ഉണ്ടാകാം, പക്ഷേ അവ സമാനമായിരിക്കണമെന്നില്ല. യോവേൽ ദൈവാത്മാവിന്റെ കവിഞ്ഞൊഴുക്കിനെക്കുറിച്ചു വിവരിച്ചു. പെന്തെക്കോസ്ത് നാളിൽ സംഭവിച്ചത് ദൈവത്തിന്റെ ആത്മാവിന്റെ യഥാർത്ഥ ആത്മപകർച്ചയാണ്. ദൈവം ഇപ്രകാരം പറഞ്ഞേക്കാം, "ഇത് ഒരു കവിഞ്ഞൊഴുക്കാണ്; ഇത് ഒരു സന്ദർശനമാണ്," എന്നാൽ *"ഇത്" "അത്"* പോലെ കാണപ്പെടുന്നില്ല എന്ന് നമ്മൾ പറഞ്ഞേക്കാം. നമുക്ക് ഉണർവ്വുകളുടെ ചരിത്രം പഠിക്കാം, പാഠങ്ങൾ പഠിക്കാം, ഉണർവ്വിന്റെ മാതൃകകൾ ശേഖരിക്കാം എന്നാൽ ദൈവത്തെ ഒരു പെട്ടിയിലാക്കി, മറ്റൊരിടത്ത് സംഭവിച്ചത് പോലെ തന്നെ ഉണർവ്വ് സംഭവിക്കണം എന്ന് പറയാൻ കഴിയില്ല! നാം ദൈവീക പ്രവാഹത്തിലേക്ക് മുന്നോട്ട് പോകുമ്പോൾ ദൈവത്തോട് നാം വളരെ വിശാലഹൃദയമുള്ളവർ ആയിരിയ്ക്കണം. ദൈവം ഇപ്പോൾ നമ്മുടെ ഇടയിൽ എന്താണ് ചെയ്യാൻ ആഗ്രഹിക്കുന്നതെന്ന് നാം മനസ്സിലാക്കണം. ഇങ്ങനെയുള്ള ചോദ്യങ്ങൾ നമ്മൾ സ്വയം ചോദിക്കണം, "എന്തിലേക്കാണ് ദൈവം നമ്മെ ഒരു സഭയായി നയിക്കുന്നത്? ഈ നഗരത്തോടുള്ള ദൈവത്തിന്റെ ആഗ്രഹം എന്താണ്?" നമ്മുടെ നഗരത്തിലെ ഉണർവ്വ് ലോകത്തിൽ മറ്റെവിടെയെങ്കിലും ദൈവം പ്രവർത്തിച്ച ഒരു ഉണർവ്വിന്റെ കൃത്യമായ ഒരു പകർപ്പായിരിക്കില്ല. അത് പുതുമയുള്ളതായിരിക്കും, എങ്കിലും അത് ഒരു ഉണർവ്വാണ്, ദൈവത്തിന്റെ സന്ദർശനമാണ്, സ്വർഗത്തിൽ നിന്നുള്ള ഒരു കവിഞ്ഞൊഴുക്കാണ്!

അപ്പോസ്തോല പ്രവൃത്തികൾ 2 ൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന്, ഈ കവിഞ്ഞൊഴുകൽ നിമിത്തമാണ് സഭ ജനിച്ചതെന്ന് നമുക്ക് കാണാം! വാസ്തവത്തിൽ, ഇത് ആദ്യത്തെ പ്രാദേശിക സഭയായിരുന്നു.

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:41**
**അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു.**

ഒറ്റരാത്രികൊണ്ട്, 3000 ആളുകളുള്ള ഒരു സഭയുണ്ടായി! പലപ്പോഴും, അത് എങ്ങനെയായിരിക്കുമെന്ന് ഞാൻ സങ്കൽപ്പിക്കാൻ ശ്രമിക്കുന്നു—അപ്പോൾ അപ്പോസ്തലന്മാരുടെ ഭാഗത്തു നിന്ന് മനസിലാക്കിയാൽ എങ്ങനെയായിരിക്കും! അവർ ഒരു സെമിനാരിയിൽ നിന്നും ബിരുദം നേടിയിട്ടില്ല, "സഭ ഭരണ നിർവഹണം," "സഭയുടെ വളർച്ചാ തത്വങ്ങൾ", ഒന്നും തന്നെ

ഇല്ലായിരുന്നു, എന്നിട്ടും ഒറ്റരാത്രികൊണ്ട് അവർക്ക് 3000 ആളുകൾ ഉള്ള സഭ ഉണ്ടായിരുന്നു! ഒരു ആസൂത്രണമോ, തന്ത്രങ്ങളോ, മുൻകൂർ നിർദ്ദേശങ്ങളോ, മാതൃകയോ, G12-സെൽ ഗ്രൂപ്പുകളോ ഒന്നുമില്ല—എന്നാൽ ഒരു സഭ ഏതാണ്ട് ഒരു നിമിഷത്തിനുള്ളിൽ പിറവിയെടുക്കുന്നു!

പഠനത്തിന്റെയോ, ആസൂത്രണത്തിന്റെയോ തന്ത്രത്തിന്റെയോ പ്രാധാന്യം ഞാൻ കുറയ്ക്കുന്നില്ല. ഞാൻ നമ്മുടെ ഹൃദയത്തിൽ പതിപ്പിക്കാൻ ശ്രമിക്കുന്നത് ഇതാണ്—"ദൈവം അപ്രതീക്ഷിതമായി എന്തെങ്കിലും ചെയ്താൽ, നമുക്കും അതിനൊപ്പം പോകാം!" ദൈവം എപ്പോഴും നമ്മുടെ ആസൂത്രണത്തിലൂടെയും നമ്മുടെ നല്ല പദ്ധതികളിലൂടെയോ പ്രവർത്തിയ്ക്കണമെന്നില്ല! വിദ്യാസമ്പന്നരായ നമ്മൾ നമ്മുടെ മസ്തിഷ്കം ഉപയോഗിക്കുന്നത് വളരെ സാധാരണവും ദൈവം എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാനുള്ള ശ്രമത്തിൽ നമ്മിൽ മിക്കവരുടെയും പോരാട്ടം ആരംഭിക്കുകയും ചെയ്യുന്നു. ദൈവം അപ്രതീക്ഷിതമായി എന്തെങ്കിലും ചെയ്യാൻ പോകുകയാണെങ്കിൽ, നമുക്കും അതിനൊപ്പം പോകാം!

# 2
# ആത്മീയ ഉണർവിൽ നിറഞ്ഞ സഭ

യെരുശലേമിലെ സഭ ഉണർവ്വിൽ പിറവിയെടുത്തു. അതിനാൽ, ഉണർവ്വിലുള്ള ഒരു സഭ എങ്ങനെയായിരിക്കുമെന്ന് മനസ്സിലാക്കാൻ ഇത് ഒരു മികച്ച ആദ്യ മാതൃകയായി നിലകൊള്ളുന്നു. ഒരു കവിഞ്ഞൊഴുകൽ ലഭിക്കുകയും ഉണർവ്വ് ഉണ്ടാവുകയും ചെയ്യുമ്പോൾ എന്താണ് പ്രതീക്ഷിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള ചില പാഠങ്ങൾ പഠിക്കുവാനും നമുക്ക് കഴിയും. അപ്പോസ്തോല പ്രവൃത്തികളുടെ ആദ്യ എട്ട് അധ്യായങ്ങൾ യെരുശലേമിലെ സഭയുടെ ആദ്യ 12 വർഷങ്ങളെ ഉൾക്കൊള്ളുന്നു.

### കർത്താവ് അവരുടെ ഇടയിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ദിവസേന തുടർന്നുകൊണ്ടിരുന്നു

**അപൊസ്തലന്മാരുടെ പ്രവൃത്തികൾ 2:42-47**

**42അവർ അപൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.**
**43എല്ലാവർക്കും ഭയമായി; അപൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു.**
**44വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു**
**45സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും,**
**46ഒരുമനപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും**
**47ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു.**

കർത്താവ് തങ്ങളുടെ മദ്ധ്യത്തിൽ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളിൽ വിശ്വാസികൾ അനുദിനം തുടർന്നുകൊണ്ടിരുന്നത് നമുക്ക് കാണാനാകുന്നു.

**അപൊസ്തലന്മാരുടെ പ്രവൃത്തികൾ 2:42**
**അവർ അപൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.**

**അപൊസ്തലന്മാരുടെ പ്രവൃത്തികൾ 2:46**
**ഒരുമനപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും**

**അപൊസ്തലന്മാരുടെ പ്രവൃത്തികൾ 5:42**
**പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കയും ചെയ്തുകൊണ്ടിരുന്നു.**

യെരുശലേമിലേക്ക് ഒരു ഹ്രസ്വ യാത്ര ആസൂത്രണം ചെയ്തിരുന്ന ഈ ആളുകൾ പെട്ടെന്ന് എല്ലാ ദിവസവും ചെയ്യേണ്ട ചില കാര്യങ്ങളിൽ ഏർപ്പെട്ടു. അത് നമ്മൾ ഞായറാഴ്ച ശുശ്രൂഷകൾക്ക് പോകുന്നത് പോലെയാണ്, ചിലപ്പോൾ സഭയിലെ പ്രത്യേക മീറ്റിംഗുകളിൽ പങ്കെടുത്തേക്കാം, നാം ആസൂത്രണം ചെയ്തപോലെ ശാന്തമായ ജീവിതം നയിച്ചേയ്ക്കാം. എന്നാൽ ഒരു ഉണർവ്വിൽ, എല്ലാ ദിവസവും എന്തെങ്കിലും സംഭവിക്കുന്നു! യെരുശലേമിലെ സഭയിൽ കർത്താവ് അവരുടെ മദ്ധ്യത്തിൽ ചെയ്യുന്ന കാര്യങ്ങൾ അനുദിനം തുടർന്നുകൊണ്ടിരുന്നു. അവർ ദിവസവും അതിനൊപ്പം മുന്നോട്ടു പോയിക്കൊണ്ടിരുന്നു—"ഏഴ് ദിവസത്തിൽ ഒരിക്കൽ" എന്ന പരിപാടിയല്ല!

**നിശ്ചിത പദ്ധതികൾ സമൂലമായി ബാധിക്കപ്പെട്ടു**

അതിനാൽ അവരുടെ നിശ്ചിത പദ്ധതികൾ സമൂലമായി ബാധിക്കപ്പെട്ടുവെന്ന് സങ്കൽപ്പിക്കാൻ വളരെ എളുപ്പമാണ്. ഉണർവ്വിൽ, നമ്മുടെ കാര്യക്രമങ്ങൾ ബാധിക്കപ്പെടും! ഇത് ഒരു ചെറിയ "കുഴപ്പം" പോലും ആയേക്കാം. യെരുശലേമിലെ ആളുകൾ അവരുടെ യാത്ര മുൻകൂട്ടി ആസൂത്രണം ചെയ്തിരിക്കാം—ഒരു ദിവസം രാവിലെ യെരുശലേമിൽ പോയി, പെന്തക്കോസ്ത് പെരുന്നാളിൽ അവിടെയുണ്ടാവുക, അടുത്ത ദിവസം മടങ്ങിവരാൻ ആസൂത്രണം ചെയ്തിരിക്കാം-പിറ്റേന്ന് മുതൽ ജോലിസ്ഥലത്ത് പോകാൻ പദ്ധതിയിട്ടിരിക്കാം!

ഇത് നോക്കുക—അവർ യെരുശലേമിൽ എത്തി, അവിടെ ദൈവത്തിന്റെ ശക്തമായ കവിഞ്ഞൊഴുക്ക് ഉണ്ടായി! അവരുടെ ജീവിതം സ്പർശിക്കപ്പെടുകയും 3000 പേർ രക്ഷിക്കപ്പെടുകയും ചെയ്തു! അവരുടെ തീരുമാനിച്ച പദ്ധതികൾ പിന്നീട് ഒരു തെരഞ്ഞെടുപ്പിനിടയായി! ദൈവത്തെ അന്വേഷിക്കാനും സ്തുതിക്കാനും എന്തോ ഒന്ന് അവരെ രാവിലെയും വൈകുന്നേരവും ആലയത്തിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു. ഉണർവ്വ് പൊട്ടിപ്പുറപ്പെടുമ്പോൾ, തീരുമാനിച്ച പദ്ധതികൾ മാറും. നാം ജോലിക്ക് പോകരുതെന്ന് ഞാൻ ഇവിടെ നിർദ്ദേശിക്കുന്നില്ല. ഞാൻ പറയുന്നത് നമ്മുടെ തീരുമാനിച്ച പദ്ധതികൾ മാറ്റുകയോ പരിവർത്തനം ചെയ്യുകയോ ചെയ്യുന്ന കാര്യങ്ങൾ സംഭവിക്കും എന്നാണ്. ദൈവം നമ്മുടെ മധ്യത്തിൽ പ്രവർത്തിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം എന്ന്

അറിഞ്ഞുകൊണ്ട് നാം ഉണർവ്വിലേക്ക് വരേണ്ടതുണ്ട്. ദൈവം എന്താണോ പുറത്തു വിടുന്നത് അതിന് പുറകെ പോകുന്നതിന് നമ്മുടെ നിശ്ചിത പദ്ധതികൾ പുനഃക്രമീകരിക്കാൻ നാം തയ്യാറായിരിക്കണം. നമ്മിൽ പലരും പ്രാർത്ഥിക്കുന്നുണ്ടാകാം, "ഞങ്ങൾക്ക് ഉണർവ്വ് വേണം, ദൈവമേ, ഒരു കവിഞ്ഞൊഴുക്ക് അയയ്ക്കു, കർത്താവേ! ദൈവമേ ഞങ്ങളെ സന്ദർശിക്കു!" എന്നാൽ ദൈവം "ചെയ്യുകയും" നമ്മുടെ നിശ്ചിത പദ്ധതികൾ മാറ്റുകയും ചെയ്താൽ, "കർത്താവേ, ഞങ്ങൾക്ക് ഉണർവ്വ് വേണം എന്നാൽ ഞങ്ങളുടെ നിശ്ചിത പദ്ധതികളിൽ സ്പർശിക്കരുത് അല്ലെങ്കിൽ ഞങ്ങളുടെ ജീവിതത്തെ തടസ്സപ്പെടുത്തരുത്!" അതോ ഉണർവ്വിനായുള്ള നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവത്തിന്റെ ഉത്തരം ലഭിക്കാൻ നാം യഥാർത്ഥത്തിൽ തയ്യാറാണോ?

### സാമൂഹിക അവബോധം—ഒരുമിച്ചുള്ള പങ്കിടൽ

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:44,45**

**44 വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു**

**45 സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും.**

യെരുശലേമിലെ സഭ ഈ കവിഞ്ഞൊഴുക്കിൽ നീങ്ങുമ്പോൾ, അവിടെ ഒരുമിച്ചുള്ള പങ്കിടലിന്റെ ആഴത്തിലുള്ള ഒരു സാമൂഹിക അവബോധം ഉണ്ടായിരുന്നു. പെട്ടെന്ന്, അവർ ഒരുമിച്ച് ഉച്ചഭക്ഷണവും അത്താഴവും കഴിക്കാൻ തുടങ്ങി, മുമ്പ് പരിചയമില്ലാത്ത ആളുകളുമായി ഒരുമിച്ച് യാത്ര ചെയ്യാൻ തുടങ്ങി. ഈ ആളുകൾക്കിടയിൽ ഒരു പുതിയ സാമൂഹിക അവബോധം അനുഭവപ്പെട്ടു. അവർക്ക് എല്ലാ കാര്യങ്ങളും പൊതുവായിരുന്നുവെന്നും കാര്യങ്ങൾ പങ്കുവെക്കാൻ തുടങ്ങിയെന്നും ബൈബിൾ പറയുന്നു. അപ്പോൾ, ഉണർവ്വ് എന്താണ് ചെയ്യുന്നത്? അത് ശരിക്കും നമ്മുടെ ജീവിതത്തിൽ ഒരു സാമൂഹിക അവബോധം വളർത്തുന്നു. നാം നമ്മുടെ ജീവിതം പങ്കുവെക്കാൻ തുടങ്ങുന്നു, നമ്മുടെ കൊടുക്കൽ, നമ്മുടെ സഹായങ്ങൾ, നമ്മുടെ കൂട്ടായ്മ എന്നിവ സ്വാഭാവികമാകുന്നു.

### സഭയുടെ ദ്രുതഗതിയിലുള്ള വളർച്ച

യെരുശലേമിലെ സഭയുടെ ദ്രുതഗതിയിലുള്ള വളർച്ചയും നാം കാണുന്നു. *"... രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോട് ചേർത്തു കൊണ്ടിരുന്നു"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:47ആ).

കൃത്യമായ പ്രതിദിന സംഖ്യ നമുക്ക് അറിയില്ല, പക്ഷേ അത് 100 അല്ലെങ്കിൽ 200 അല്ലെങ്കിൽ വെറും 10 ആയിരിക്കാം, എന്നാൽ ആളുകൾ ദിനംപ്രതി കൂട്ടിച്ചേർക്കപ്പെടുന്നതായി ബൈബിൾ രേഖപ്പെടുത്തുന്നു. പത്രോസിന്റെ ആദ്യ പ്രസംഗത്തിനു ശേഷം, ഒരു ദിവസം കൊണ്ട് 3000 പേർ കൂട്ടിച്ചേർക്കപ്പെട്ടു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 2:41). പിന്നീട്, മുടന്തന്റെ രോഗസൗഖ്യത്തിന് ശേഷം മറ്റൊരു 5000 പേർ കൂടി കൂട്ടിച്ചേർക്കപ്പെട്ടു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 4:4). ശരിക്കും പ്രചോദനാത്മകമായ സഭാ വളർച്ച! നമ്മുടെ നഗരത്തിലെ സഭകളിൽ ഇത്തരം അത്ഭുതങ്ങൾ സംഭവിക്കുന്നത് നാം ഇഷ്ടപ്പെടില്ലേ?

## സഭയുടെ തുടർച്ചയായ വളർച്ചയ്ക്ക് കാരണമായ ശ്രദ്ധേയമായ അത്ഭുതങ്ങൾ

ശ്രദ്ധേയമായ അത്ഭുതങ്ങൾ സഭയുടെ തുടർച്ചയായ വളർച്ചയ്ക്ക് കാരണമായതായി നാം കാണുന്നു. അനേകം അത്ഭുതങ്ങൾ ഉണ്ടായിരുന്നു, എന്നാൽ ശ്രദ്ധേയമായവ മാത്രമേ അപ്പോസ്തോല പ്രവൃത്തികളിൽ നമുക്കായി രേഖപ്പെടുത്തിയിട്ടുള്ളൂ. 40 വർഷമായി മുടന്തനായിരുന്ന, സൗഖ്യം പ്രാപിച്ച ഒരു മനുഷ്യനുണ്ടായിരുന്നു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 3:1-8). പത്രോസിന്റെ നിഴൽ അവരുടെ മേൽ വീഴാൻ വേണ്ടി ദൂരെ നിന്ന് രോഗികളായ ആളുകൾ വന്നു, അവർ സൗഖ്യം പ്രാപിച്ചു!

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 5:12–16**

**12 അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു; അവർ എല്ലാവരും ഏകമനസ്സോടെ ശലോമോന്റെ മണ്ഡപത്തിൽ കൂടിവരിക പതിവായിരുന്നു.**

**13 മറ്റുള്ളവരിൽ ആരും അവരോടു ചേരുവാൻ തുനിഞ്ഞില്ല; ജനമോ അവരെ പുകഴ്ത്തിപ്പോന്നു.**

**14 മേല്ക്കുമേൽ അനവധി പുരുഷന്മാരും സ്ത്രീകളും കർത്താവിൽ വിശ്വസിച്ചു ചേർന്നുവന്നു.**

**15 രോഗികളെ പുറത്തുകൊണ്ടുവന്നു, പത്രൊസ് കടന്നുപോകുമ്പോൾ അവന്റെ നിഴൽ എങ്കിലും അവരിൽ വല്ലവരുടെയുംമേൽ വീഴേണ്ടതിന്നു വീഥികളിൽ വിരിപ്പിന്മേലും കിടക്കമേലും കിടത്തും.**

**16 അതുകൂടാതെ യെരൂശലേമിന്നു ചുറ്റുമുള്ള പട്ടണങ്ങളിൽനിന്നു പുരുഷാരം വന്നുകൂടി രോഗികളെയും അശുദ്ധാത്മാക്കൾ ബാധിച്ചവരെയും കൊണ്ടുവരികയും അവർ എല്ലാവരും സൌഖ്യം പ്രാപിക്കയും ചെയ്യും.**

അതിനാൽ, ഉണർവ്വിനിടയിൽ, നമുക്കിടയിലും ഇതുതന്നെ സംഭവിക്കും. ശ്രദ്ധേയമായ അത്ഭുതങ്ങൾ നടക്കും. നമ്മുടെ ജീവിതത്തിലെ ദൈനംദിന അത്ഭുതങ്ങൾക്ക് ഞങ്ങൾ ദൈവത്തിന് നന്ദി പറയുന്നു, എന്നാൽ ഉണർവ്വിന്റെ ഗതിയിൽ നമുക്കിടയിൽ

ശ്രദ്ധേയമായ അത്ഭുതങ്ങൾ സംഭവിക്കാൻ തുടങ്ങും.

**പീഡനം**

ഉണർവ്വിലുള്ള ഒരു സഭ പീഡനത്തെ ആകർഷിക്കുന്നു. നാം ഒരു കവിഞ്ഞൊഴുക്കിന്റെ മധ്യത്തിലായിരിക്കുമ്പോൾ, ചില കാരണങ്ങളാൽ, അത് പീഡനത്തെ ആകർഷിക്കും. അപ്പോൾ, നമുക്ക് ശരിക്കും ഒരു കവിഞ്ഞൊഴുക്ക് ആവശ്യമാണോ? പത്രോസിനെയും യോഹന്നാനെയും ന്യായാധിപ സംഘം തടവിൽ ആക്കുകയും യേശുവിന്റെ നാമത്തിൽ പ്രസംഗിക്കരുതെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 4:17,18). അപ്പോസ്തലന്മാർ തടവിലാക്കപ്പെട്ടു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 5:17,18). സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊന്നു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 7:58). ഒരു കവിഞ്ഞൊഴുകലിന്റെ മധ്യത്തിൽ വർദ്ധിച്ചുവരുന്ന പീഡനം അസാധാരണമല്ല. എന്നാൽ അപ്പോസ്തലന്മാർ എങ്ങനെ പ്രതികരിച്ചുവെന്ന് ശ്രദ്ധിക്കുക.

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 4:19,20**
**19 അതിന്നു പത്രൊസും യോഹന്നാനും: ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നതു ദൈവത്തിന്റേ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ.**
**20 ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്നു ഉത്തരം പറഞ്ഞു.**

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 5:41**
**തിരുനാമത്തിന്നു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ടു ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിന്നു പുറപ്പെട്ടുപോയി.**

സ്വർഗ്ഗം അടയ്ക്കാൻ ദൈവത്തോട് പറയുമെന്നോ കവിഞ്ഞൊഴുക്ക് "കുറയ്ക്കാൻ" ദൈവത്തോട് ആവശ്യപ്പെടുമെന്നോ അപ്പോസ്തലന്മാർ പറഞ്ഞില്ല. പകരം, ദൈവം ചെയ്യുന്ന കാര്യങ്ങളിൽ അവർ സന്തോഷിച്ചു. അവർ ദൈവത്തെ അനുസരിക്കുന്നതിൽ സന്തോഷിക്കുകയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനായി കഷ്ടപ്പെടുന്നത് ഒരു ബഹുമതിയായി കണക്കാക്കുകയും ചെയ്തു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനുവേണ്ടി കഷ്ടപ്പെടുന്നത് നാമും ഒരു ബഹുമതിയായി കണക്കാക്കണം!

നമ്മിൽ മിക്കവരും വളരെ സുഖപ്രദമായ ക്രിസ്തീയ ജീവിതം നയിച്ചവരാണ്. ഒരു പീഡനവും നമ്മൾ കാണുന്നില്ല. നമ്മുടെ വിശ്വാസത്തെക്കുറിച്ച് അറിഞ്ഞതിന് ശേഷം, നമ്മുടെ സഹപ്രവർത്തകൻ ചെയ്യുന്ന ആ "ചെറിയ കാര്യം" നമ്മുടെ

ജോലിസ്ഥലത്ത് നാം അനുഭവിച്ചിട്ടുണ്ടാകാം—നമ്മളോട് സംസാരിക്കാതിരിക്കുകയോ ഉച്ചഭക്ഷണത്തിന് നമ്മളോടൊപ്പം പോകാതിരിക്കുകയോ അവർ പഴയത് പോലെ കാപ്പി കൊണ്ടു തരുന്നത് നിർത്തുകയോ തുടങ്ങിയവ. നമ്മുടെ ജോലിസ്ഥലത്ത്, നമ്മുടെ വിശ്വാസത്തിന്റെ പേരിൽ നമ്മൾ പീഡനം അനുഭവിക്കുന്നുണ്ടെന്ന് നാം കരുതുന്നു. സത്യസന്ധമായി, "പീഡനം" എന്ന് വിളിക്കാവുന്ന ഒന്നും നമ്മൾ ഇതുവരെ കണ്ടിട്ടില്ല. എന്നാൽ, "ദൈവമേ, ഞങ്ങൾക്ക് ഉണർവ്വ് വേണം" എന്ന് പറഞ്ഞാൽ, യെരുശലേമിൽ സഭ അനുഭവിച്ചതുപോലെ, വർദ്ധിച്ച പീഡനത്തിന് നാം തയ്യാറാകണം.

**പാപത്തോടുള്ള ശക്തമായ ന്യായവിധി**

ഉണർവ്വിന്റെ അന്തരീക്ഷത്തിൽ, ദൈവജനത്തിന്റെ ഇടയിൽ കൃപയുടെയും അത്ഭുതങ്ങളുടെയും കൃപാ വരങ്ങളുടേയും സമൃദ്ധി ഉണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്നാൽ അതേ സമയം, പാപത്തിനെതിരെ വേഗത്തിലുള്ള ന്യായവിധി ഉണ്ട്. നുണ പറയുമ്പോൾ നമ്മളിൽ എത്ര പേർ മരിച്ചു വീഴുന്നു? അങ്ങനെ സംഭവിച്ചാൽ ഇവിടെ ആരും ജീവനോടെ ഉണ്ടാകുമായിരുന്നില്ല. ഇന്ന്, നാമെല്ലാവരും വിശ്വാസികളാണെങ്കിലും, നമ്മിൽ ചിലർ ഇപ്പോഴും കള്ളം പറയുന്നു, മോഷ്ടിക്കുന്നു, എന്നിട്ടും ആരും മരിക്കുന്നില്ല! എന്നാൽ യെരുശലേമിലെ ഉണർവ്വിന്റെ മധ്യത്തിൽ, അനന്യാസും സഫീറയും കള്ളം പറയുകയും സഭയ്ക്കുള്ള അവരുടെ സംഭാവനയിൽ ഒരു ചെറിയ ക്രമീകരണം ചെയ്യുകയും ചെയ്തു, അവർ മരിച്ചു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 5:1-10). അത് കഠിനമായ വിധിയാണ്!

**അമാനുഷിക പ്രകടനങ്ങളും ദൂതന്മാരുടെ സന്ദർശനങ്ങളും**

രോഗശാന്തികൾക്കും അത്ഭുതങ്ങൾക്കും പുറമെ പ്രകൃത്യാതീതമായ പ്രകടനങ്ങളും ദൂതന്മാരുടെ സന്ദർശനങ്ങളും ആദ്യകാല സഭ അനുഭവിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 4:31 രേഖപ്പെടുത്തുന്നു: *"... അവർ പ്രാർത്ഥനയ്ക്കായി ഒരുമിച്ചു കൂടിയിരുന്ന സ്ഥലം കുലുങ്ങി."* ഭൂമിയിൽ ഒരു കുലുക്കം മാത്രമല്ല, അവർ ഒത്തുകൂടിയ സ്ഥലവും കുലുങ്ങി. ഒരു പ്രാർത്ഥനാ യോഗത്തിൽ ആയിരിക്കുമ്പോൾ കെട്ടിടം കുലുങ്ങുന്നതായി നിങ്ങൾക്ക് തോന്നുന്നു, പക്ഷേ ഒന്നും വീഴുന്നില്ല. ദൂതൻ വന്ന് അപ്പോസ്തലന്മാരെ ജയിലിൽ നിന്ന് പുറത്തുകൊണ്ടുവന്നുവെന്ന് അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 5:19-21

പറയുന്നു. ഒരു ദൂതൻ ഫിലിപ്പോസിനോട് മരുഭൂമിയിലേക്ക് പോകാൻ നിർദ്ദേശിച്ചതായി അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 8:26 രേഖപ്പെടുത്തുന്നു. അതിനാൽ ദൂതന്മാരുടെ പ്രവർത്തനവും ദൂതന്മാരുടെ ശുശ്രൂഷയും ഒരു കവിഞ്ഞൊഴുക്കിന്റെ മധ്യത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കും.

## ആന്തരിക പ്രശ്നങ്ങളില്ലാതിരിയ്ക്കില്ല

ഒരു കവിഞ്ഞൊഴുകലിന്റെയോ, സന്ദർശനത്തിന്റെയോ മധ്യത്തിൽ, സഭയ്ക്ക് ആന്തരിക പ്രശ്നങ്ങൾ ഇല്ലാതിരിക്കില്ല. ചിലപ്പോൾ, ശക്തമായ ദൈവദർശനം ഉള്ളതിനാൽ, ഒരു പ്രശ്നവും ഉണ്ടാകില്ല എന്ന തെറ്റായ ധാരണ നമുക്കുണ്ടാകും. ആ സങ്കൽപ്പത്തിന് വിരുദ്ധമായി, യെരുശലേമിലെ സഭയ്ക്ക് പ്രശ്നങ്ങൾ അനുഭവപ്പെട്ടു. വിധവകൾക്കിടയിൽ ഉണ്ടായ തർക്കമാണ് അവർ ആദ്യം കൈകാര്യം ചെയ്യേണ്ടി വന്നത്. ചിലർ ഗ്രീക്ക് സംസാരിക്കുന്ന വിധവകളും ചിലർ ഹീബ്രു സംസാരിക്കുന്ന വിധവകളും ആയിരുന്നു. ഭക്ഷണ വിതരണത്തിൽ തങ്ങളോട് നീതി പുലർത്തുന്നില്ലെന്ന് ചിലർക്ക് തോന്നി (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 6). അങ്ങനെ, ഒരു തർക്കമുണ്ടായി, എന്നാൽ അപ്പോസ്തലന്മാർ ദൈവത്തിന്റെ ജ്ഞാനത്താൽ എഴുന്നേറ്റു പ്രശ്നം പരിഹരിച്ചു.

നമ്മുടെ ഉണർവിന്റെ സമയത്തും ആന്തരിക പ്രശ്നങ്ങൾ ഉണ്ടായേക്കാം, അവയെ നാം ദൈവത്തിന്റെ ജ്ഞാനത്താൽ അഭിമുഖീകരിക്കേണം, ഭയപ്പെടേണ്ടതില്ല. മറ്റൊരു ശ്രദ്ധേയമായ കാര്യം, നേതാക്കൾ വചന ശുശ്രൂഷയ്ക്കും, പ്രാർത്ഥനയ്ക്കും തങ്ങളെത്തന്നെ നിരന്തരം നൽകണമെന്ന് തീരുമാനിച്ചു എന്നതാണ്. ഉണർവ്വിന് നേതൃത്വം നൽകുന്നതിന് പ്രധാനമായ കാര്യങ്ങളിൽ നേതാക്കൾ ശ്രദ്ധ കേന്ദ്രീകരിച്ചു. നാം ദൈവത്തെ പിന്തുടരുമ്പോൾ ഇത് നമുക്ക് ഒരു പ്രധാന പാഠമാണ്.

നേതാക്കന്മാരെ ഉയർത്താതിരിക്കാനും ശ്രദ്ധിക്കണം. ഉണർവ്വ് ഒരു മനുഷ്യനെയോ ശുശ്രൂഷയെയോ കേന്ദ്രീകരിച്ച് ആയിരിക്കരുത്. എങ്കിലും, ഉണർവ്വിനായുള്ള നേതൃത്വത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കണം—നേതാക്കൾ അവരുടെ സ്ഥാനം ഏറ്റെടുക്കുകയും ഉത്തരവാദിത്തമുള്ളവർ ആയിരിക്കുകയും ദൈവം അവർ ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം. ഇത് കവിഞ്ഞൊഴുകൽ നീട്ടാനും വർദ്ധിപ്പിക്കാനും കുറയാതിരിക്കാനും

സഹായിക്കും. വെയിൽസിലെ ഉണർവ്വിനെക്കുറിച്ച് സങ്കടകരമായ ഒരു കാര്യം ഉണ്ടായിരുന്നു. വാസ്തവത്തിൽ ഉണർവ്വിന്റെ മൂർദ്ധന്യത്തിൽ ഉണർവ്വിന്റെ പ്രധാന നേതാക്കളിൽ ഒരാളായി ഇവാൻ റോബർട്ട്സ് പ്രാമുഖ്യം നേടി. പക്ഷേ നിർഭാഗ്യകരമായ എന്തോ സംഭവിച്ചു. ആ നേതൃസ്ഥാനത്ത് നിന്ന് അദ്ദേഹം പെട്ടെന്ന് മാറി. ഇവാൻ റോബർട്ട്സിന് മാനസികവും ശാരീരികവുമായ തകർച്ച നേരിട്ടു—പൂർണമായി തകർന്നു പോയി. ഏതാണ്ട് ഒറ്റരാത്രികൊണ്ട് അദ്ദേഹം ആ നേതൃസ്ഥാനത്ത് നിന്ന് മാറിപ്പോവുകയും തന്റെ ജീവിതകാലം മുഴുവൻ ഏകാന്തതയിൽ—എഴുത്തിലും പ്രാർത്ഥനയിലും ചിലവഴിക്കുകയും ചെയ്തു. വെയിൽസിലെ ഉണർവ്വിൽ ദൈവം ശക്തമായി ഉപയോഗിച്ച ഒരു മനുഷ്യന്റെ വളരെ ദുഃഖകരമായ അന്ത്യം!

ഉണർവ്വിൽ നേതൃത്വം വളരെ പ്രധാനമാണ്. നേതൃത്വത്തെ ഉയർത്താനും നേതൃത്വത്തെ മഹത്വവത്കരിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിലും, ഉണർവ്വിന് നേതൃത്വം നൽകുന്നവർ എന്ന നിലയിൽ, ശ്രദ്ധ കേന്ദ്രീകരിക്കുക, എരിഞ്ഞുപോകാതെ സ്വയം സൂക്ഷിക്കുക, അതേ സമയം ചുമതലകൾ വഹിക്കുക എന്നിവ വളരെ പ്രധാനമാണെന്ന് നാം മനസ്സിലാക്കണം. അവൻ നമ്മുടെ ഇടയിൽ ഭൂമിയിൽ പകരുന്ന കാര്യങ്ങൾക്ക് നാം ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടവരാണ്.

**എല്ലാവരും അത്ഭുതകരമായി മുന്നോട്ടു പോകുന്നു**

അപ്പോസ്തോല പ്രവൃത്തികളുടെ പുസ്തകത്തിൽ, കവിഞ്ഞൊഴുക്ക് പുരോഗമിക്കുമ്പോൾ എല്ലാവരും അത്ഭുതകരമായി മുന്നോട്ടു പോകാൻ തുടങ്ങിയതായി പിന്നീട് നാം കാണുന്നു. സ്തേഫാനോസിനെയും (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 6) ഫിലിപ്പോസിനെയും (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 8) കുറിച്ച് നമ്മൾ കേൾക്കാൻ തുടങ്ങുന്നു, അവരിലൂടെ ശക്തമായ അടയാളങ്ങളും അത്ഭുതങ്ങളും പ്രകാശനം ചെയ്യപ്പെട്ടു. യേശുക്രിസ്തുവിന്റെ നാമത്തിൽ സഭയിലെ ഓരോ വ്യക്തിയും രോഗികളെ സുഖപ്പെടുത്തുന്നതും ദുരാത്മാക്കളെ പുറത്താക്കുന്നതും മരിച്ചവരെ ഉയിർപ്പിക്കുന്നതും കാണണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഈ നഗരത്തിലെ ദൈവത്തിന്റെ ജനം നമ്മുടെ നഗരത്തിന്റെ തെരുവുകളിൽ ദൈവത്തിന്റെ മഹത്വം പ്രകടമാക്കുന്നത് കാണാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ആവശ്യക്കാരുള്ള തെരുവുകളിൽ എല്ലാ വിശ്വാസികളും ശക്തമായ അടയാളങ്ങളും അത്ഭുതങ്ങളും പ്രകടിപ്പിക്കും. അതിലേക്കാണ് ദൈവം സഭയെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, അതാണ് ദൈവത്തിന്റെ കവിഞ്ഞൊഴുകലിന്റെ മധ്യത്തിൽ സംഭവിക്കുന്നത്. നിങ്ങളും ഞാനും ദൈവത്തിന്റെ മഹത്വം തെരുവുകളിലേക്കും ചന്തകളിലേക്കും ആളുകൾ ആയിരിക്കുന്ന ഇടത്ത് കൊണ്ടുപോകും!

**അഗ്നി പടരുന്നു**

ഉണർവ്വിന്റെ അഗ്നി പടരുന്നു! യെരുശലേമിൽ ശൗലിന്റെ നേതൃത്വത്തിൽ നടന്ന പീഡനങ്ങൾ കാരണം, വിശ്വാസികൾ ചിതറിപ്പോയെങ്കിലും അവർ പോകുന്നിടത്തെല്ലാം ഉണർവ്വിന്റെ അഗ്നിജ്വാലകൾ വഹിച്ചു. അവർ ശമര്യയിലേക്കും യഹൂദ്യയിലേക്കും പോയി, ആ സ്ഥലങ്ങളിലും അഗ്നി വിതച്ചു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 8). ചിലർ അന്ത്യോക്യയിലേക്കു പോകുകയും അന്ത്യോക്യയെ സ്വർഗീയ അഗ്നിയാൽ ജ്വലിപ്പിക്കുകയും ചെയ്തു (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 11). സാധാരണ വിശ്വാസികൾ അവർ പോകുന്നിടത്തെല്ലാം ഉണർവ്വിന്റെ അഗ്നിജ്വാലകൾ വഹിച്ചു. നമ്മളോരോരുത്തരും "ഉണർവ്വിന്റെ വാഹകർ" ആയിത്തീരുമെന്ന് ഞാൻ വിശ്വസിക്കുന്നു—ദൈവത്തിന്റെ കവിഞ്ഞൊഴുക്കിന് ഇടയിലുള്ള ഉണർവ്വിന്റെ അഗ്നിയുടെ വാഹകർ.

ഒരു ഉണർവ്വിന്റെ നടുവിൽ നിന്ന് നമ്മെ പുറത്താക്കുന്നത് ഒരുപക്ഷെ പീഡനമായിരിക്കാം അല്ലെങ്കിൽ അതല്ലായിരിക്കാം. ഒരുപക്ഷേ അത് ഒരു പുതിയ ജോലി, നമ്മുടെ ജോലിയിൽ ഉള്ള ഒരു സ്ഥലം മാറ്റം, അങ്ങനെ പലതും ആകാം. ബാംഗ്ലൂർ നഗരത്തിൽ നിന്ന് ഞങ്ങൾക്ക് മാറേണ്ടിവരുന്നതിന് നിരവധി കാരണങ്ങളുണ്ടാകാം. എന്നാൽ ഞങ്ങൾ പോകുമ്പോൾ, ദൈവത്തിന്റെ കവിഞ്ഞൊഴുകൽ ഞങ്ങൾ വഹിക്കും! ഞങ്ങൾ ദൈവത്തിന്റെ അഗ്നി വഹിച്ചും കൊണ്ട് പുറത്തുപോയി ലോകത്തിന്റെ മറ്റ് ഭാഗങ്ങളേയും ജ്വലിപ്പിക്കും! അതാണ് ഉണർവ്വുള്ള ഒരു സഭ!

ഉണർവ്വുള്ള ഒരു സഭയായിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നമുക്കറിയാവുന്നതുപോലെ ദൈവം തന്റെ പ്രവർത്തികൾ ചെയ്യുമ്പോൾ അതിന്റെ അനന്തരഫലങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തെ മാത്രമല്ല, സഭാജനങ്ങളെയും അവ ബാധിക്കും. എന്നാൽ ഇത് എല്ലാ നിലയിലും പ്രാധാന്യമുള്ളതുമാണ്. കാരണം, നമ്മുടെ

പട്ടണത്തിന് ഒരു പരിവർത്തനം നടക്കുവാൻ നിശ്ചയമായും ദൈവീക സന്ദർശനം അനിവാര്യമാണ്. ആ വിധത്തിൽ ഒരു സ്വാധീനം നടക്കണമെങ്കിൽ, ഇന്നു നമുക്കുണ്ടെന്ന് കരുതുന്നതിലും അപ്പുറത്ത് ദൈവം കൂടെ ഉണ്ടായിരിക്കണം എന്നാണർത്ഥം. നമ്മുടെ പട്ടണത്തിൽ ഇതിനകം സംഭവിച്ച എല്ലാ കാര്യങ്ങൾക്കും നമ്മൾ നന്ദിയുള്ളവർ ആയിരിക്കുമ്പോൾത്തന്നെ നമ്മുടെ പട്ടണത്തിൽ ഇപ്പോഴും യേശുക്രിസ്തുവിനെ അറിയാത്ത ധാരാളം ആളുകൾ ഉണ്ടെന്നുള്ള കാര്യം നാം ഓർക്കണം. ക്രിസ്തുവിനെ അറിയാത്ത ലക്ഷക്കണക്കിനാളുകൾ ഇപ്പോഴുമുണ്ട്. നമ്മുടെ പട്ടണത്തെ സ്വാധീനിക്കുവാൻ ശ്രമിക്കണമെങ്കിൽ, നമ്മുടെ ഇടയിൽ ദൈവത്തിന്റെ ശക്തമായ ഇടപെടൽ അനുഭവമാകണം. ദൈവത്തിന്റെ ശക്തമായ ഒരു സന്ദർശനം നമുക്കിടയിൽ ഉണ്ടായിരിക്കണം. ഇന്ന് നാം എന്തിലാണോ ആശ്രയിക്കുന്നത് അതിനേക്കാൾ ഏറെ ദൈവത്തിൽ നമുക്ക് ആശ്രയം ഉണ്ടായിരിക്കണം. അക്കാര്യത്തിൽ തികഞ്ഞ ആത്മാർത്ഥത നാം കാണിക്കേണം എന്നാണ് അർത്ഥമാക്കുന്നത്. അതിശയകരമായ ഒരു ഉണർവ്വിനായി, അവന്റെ ആത്മാവിന്റെ അതിശക്തമായ ഇടപെടലിനായി ദൈവത്തോട് അപേക്ഷിക്കാൻ നാം തയ്യാറാണോ?

ഉണർവ്വുള്ള ഒരു സഭ എന്ന നിലയിലേക്ക് നമുക്ക് നീങ്ങാം!

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവൻ തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, താൻ പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവൻ കുരുടർക്ക് കാഴ്ച നൽകി, ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അവൻ വിശന്നവരെ പോഷിപ്പിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും, മറ്റു പല വീര്യപ്രവൃത്തികൾ നടത്തുകയും ചെയ്തു.

**ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് മനുഷ്യർ സുഖമായും, ശുഭമായും, ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന നല്ലവനായ ഒരു ദൈവത്തെയാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു.**

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനാകുവാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയ്ത് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാവാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. നിത്യമായി ദൈവത്തിൽ നിന്ന് വേർപെട്ട് നരകത്തിൽ കഴിയുന്നതാണ് മരണം.

എന്നാൽ സുവാർത്ത എന്തെന്നാൽ പാപത്തിൽ നിന്ന് മോചിതരാകുവാനും ദൈവത്തിങ്കലേക്ക് യഥാസ്ഥാനപ്പെടുവാനും നമുക്ക് കഴിയും. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ"*** **(റോമർ 6:23).** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റു, തന്നെത്തന്നെ അനേകർക്ക് ജീവനുള്ളവനായി

വെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ നഷ്ടമാകുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗ്ഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത അനന്തരഫലങ്ങളിൽ നിന്നും സ്വതന്ത്രരാകുവാനുള്ള ഒരു മാർഗ്ഗം പ്രദാനം ചെയ്യുവാനാണ് അവൻ വന്നത്. അവൻ പാപികളെ രക്ഷിക്കുവാനാണ് വന്നത്—എന്നെയും, നിന്നെയും പോലുള്ള മനുഷ്യരെ പാപത്തിൽനിന്നും, നിത്യമരണത്തിൽ നിന്നും വിടുവിക്കുവാനാണ് വന്നത്.

സൗജന്യമായ ഈ പാപക്ഷമ ലഭ്യമാകുവാൻ, നാം ഒരു കാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***"…. അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:43).**

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"* (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവൻ നിങ്ങൾക്കായി നിവർത്തിച്ച കാര്യങ്ങളിലും വിശ്വസിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ ഒരു പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുവാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

*പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ഏവരുടെയും പാപങ്ങൾ ക്ഷമിക്കപ്പെടും എന്നാണ്.*

*ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്കു വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്കു വേണ്ടി ചെയ്തത് സ്വീകരിക്കുവാനും ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കുവാൻ കഴിയില്ലെന്നും, എന്റെ സൽപ്രവൃത്തികളാൽ എന്നെ സ്വയം*

*രക്ഷിക്കുവാൻ കഴിയില്ലെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കുള്ള ക്ഷമ എനിക്കു നേടുവാൻ കഴിയുന്ന ഒന്നല്ല.*

*അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.*

*നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, അങ്ങയെ കൂടുതൽ അറിയുവാനും അങ്ങയോട് വിശ്വസ്തനാകുവാനും എന്നെ സഹായിക്കണമേ.*

*ആമേൻ.*

# ഓൾ പീപ്പിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, നമ്മുടെ രാജ്യത്തോടും മറ്റു രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധാത്മനിറവുള്ള, ഒരു കുടുംബ** സഭയാണ്. ഇത് ഒരു സജ്ജീകരണ കേന്ദ്രമായും, സുവിശേഷദൗത്യ താവളമായും ആഗോള സേവനത്തിനായും നിലകൊള്ളുന്നു.

• ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി ഞങ്ങൾ ഒരുമിച്ചു വളരുകയും ദൈവസഭയെന്ന നിലയിൽ സ്നേഹത്തില് അന്യോന്യം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

• ഒരു **സജ്ജീകരണ കേന്ദ്രം** എന്ന നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റുവാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.

• ഒരു **സുവിശേഷദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ്ണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റു രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തായ ശുശ്രൂഷയിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

• ആഗോള **സേവനത്തിന്റെ ഭാഗമായി**, ദൈവരാജ്യത്തിനായി തങ്ങളുടെ മേഖലകളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി (APC) യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗ്ഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർത്ഥനം, സമകാലീന ശുശ്രൂഷാരീതികൾ, നൂതന സാങ്കേതികവിദ്യ മുതലായവ, അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

## സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don't Compromise Your Calling
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Giving Birth to the Purposes of God
Gifts of the Holy Spirit
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don't Take Them
Open Heavens
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്തീയ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

# ക്രിസലിസ് കൗൺസെലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും വ്യക്തികളെ സഹായിക്കുന്നതിനായി ക്രിസലിസ് കൗൺസെലിംഗ് വ്യക്തിഗത കൗൺസെലിംഗ് ലഭ്യമാക്കുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസെലർമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസെലിംഗ്

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

- **കൗമാരക്കാർ**
- **വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**
- **ബന്ധങ്ങളിലെ വെല്ലുവിളികൾ**
- **പഠനസംബന്ധിയായ മോശം പ്രകടനം**
- **ജോലി സംബന്ധമായ പ്രശ്നങ്ങൾ**
- **കുടുംബം / ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**
- **മാതാപിതാക്കൾ / കുട്ടികൾ / സഹോദരങ്ങൾ / സഹപ്രവർത്തകർ**
- **പെരുമാറ്റ വൈകല്യങ്ങൾ**
- **വ്യക്തിത്വ വൈകല്യങ്ങൾ**
- **മാനസിക / വൈകാരിക പ്രശ്നങ്ങൾ**
- **സമ്മർദ്ദം / മാനസികാഘാതം**
- **മദ്യം / മയക്കുമരുന്ന് ദുരുപയോഗം**
- **ആത്മീയ പ്രശ്നങ്ങൾ**
- **ജീവിത പരിശീലനം**

കൗൺസെലിംഗ് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതും മിതമായ നിരക്കിലുള്ളതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൌൺസെലർമാരിൽ ഒരാളുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ വേണ്ട വിവരങ്ങൾ:

**വെബ്സൈറ്റ്:** chrysalislife.org
**ഫോൺ:** +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക്ക് അകത്ത്) 1-800-300-00998
**ഇമെയിൽ:** counselor@chrysalislife.org

ക്രിസലിസ് കൗൺസെലിംഗ് ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ്.

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളിയാകുക

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്ന അതിർ വരമ്പുകൾക്ക് അപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ച ഉത്തരേന്ത്യയിൽ, (1) നേതാക്കന്മാരെ ബലപ്പെടുത്തുക, (2) യുവാക്കളെ ശുശ്രൂഷയ്ക്ക് സജ്ജരാകുക, (3) ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

നിങ്ങളുടെ സംഭാവനകൾ "All Peoples Church"—ന്റെ പേരിലുള്ള ചെക്ക്/ ബാങ്ക് ഡ്രാഫ്റ്റ് ആയിട്ട് ഞങ്ങളുടെ ഓഫീസിലെ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ടും അയക്കാം.

**അക്കൗണ്ടിന്റെ പേര്:** All Peoples Church
**അക്കൗണ്ട് നമ്പർ:** 50200068829058
**IFSC കോഡ്:** HDFC0004367
**ബാങ്ക്:** HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru, Karnataka 560043.

***ദയവായി ശ്രദ്ധിക്കുക:*** *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃതമായ ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു, ആവശ്യമെങ്കിൽ, നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഓർക്കണമേ.

**നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!**


## DOWNLOAD THE FREE APP!

*Search for*

"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play







*A daily 5-minute video devotional.*
*A daily Bible reading and prayer guide.*
*5-minute Sermon summary.*
*Toolkit with Scriptures on various topics to build faith and information to share the Gospel.*
*Resources with sermons, sermon notes, TV programs, books, music and more.*

*IF YOU LOVE IT, TELL OTHERS ABOUT IT!*

# ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

apcbiblecollege.org

ഇന്ത്യയിൽ, ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ഉപദേശ കൃത്യതയുള്ളതും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായ വേദപഠനത്തിനൊപ്പം പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുമായി ആത്മനിറവോടും, അഭിഷേകത്തോടും കൂടെ പ്രായോഗികപരിചയം ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നു. കർത്താവുമായുള്ള ഉറ്റ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവീക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അടിസ്ഥാനം, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ ആകമാനമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.-ബി.സി), കൃത്യതയുള്ള അദ്ധ്യയനത്തിനൊപ്പം, ദൈവസ്നേഹത്തിന്റെ പ്രദർശനങ്ങൾക്കും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും, സാന്നിധ്യത്തിനും, ദൈവത്തിന്റെ അമാനുഷിക പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. ദൈവീക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ച്ലേർസ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** കാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം പഠിക്കുവാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn.**

ഓൺലൈനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

കാലമാണിത്. സന്ദർശനത്തിന്റെ ഒരു കാലഘട്ടത്തിൽ കാര്യങ്ങൾ വ്യത്യസ്തമാണ്! ഉണർവ്വ് അയയ്ക്കാൻ നമ്മൾ ദൈവത്തോട് പ്രാർത്ഥിക്കുന്നു—ഒരു കവിഞ്ഞൊഴുകൽ അല്ലെങ്കിൽ സന്ദർശനം എന്നാൽ അത് ദൃശ്യമാകുമ്പോൾ നാം ഉണർവ്വിനായി ഒരുങ്ങിയിട്ടുണ്ടോ!

ഉണർവ്വ് സംഭവിക്കുമ്പോൾ ഒരു സഭ എങ്ങനെയായിരിക്കും? ഒരു ഉണർവിന്റെ മധ്യത്തിലായിരിക്കുമ്പോൾ—ഒരു സ്വർഗ്ഗീയ പ്രവാഹം ഉണ്ടാകുമ്പോൾ, ദൈവത്തിന്റെ ആത്മീയ സന്ദർശനം ഉണ്ടാകുമ്പോൾ, നിങ്ങൾക്കും എനിക്കും എന്ത് സംഭവിക്കും? ഒരു കാര്യം ഉറപ്പാണ്, സഭ നാം ഇപ്പോൾ അറിയുന്നതുപോലെ ആയിരിക്കില്ല. ദൈവത്തിന്റെ ഒരു ചലനം ഉണ്ടാകുകയും നാം സ്വർഗ്ഗത്തിൽ നിന്നുള്ള സന്ദർശനത്തിന്റെ ഒരു കാലഘട്ടത്തിലേക്ക് മാറുകയും ചെയ്യുമ്പോൾ സഭാജീവിതം എങ്ങനെയായിരിക്കുമെന്നതിന്റെ ഒരു ചിത്രമോ ദർശനമോ നൽകുക എന്നതാണ് ഈ സന്ദേശത്തിന്റെ ഉദ്ദേശം.

ദൈവത്തിന്റെ കവിഞ്ഞൊഴുക്കിനായി ഒരുങ്ങുക!

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org